പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.11 8.2.2016 ൽ മറുപടിയ്ക്ക്

**ജനങ്ങളെ നേരിൽ കണ്ട് പ്രശ്നങ്ങൾ അറിയുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള പരിപാടി**

**ചോദ്യം**

ശ്രീ.ഹൈബി ഈഡൻ
" ഐ.സി.ബാലകൃഷ്ണൻ
" കെ.എസ്.ശബരീനാഥൻ
" പി.എ.മാധവൻ

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് ജനങ്ങളെ നേരിൽ കണ്ട് പ്രശ്നങ്ങൾ അറിയാനും അവയ്ക്ക് പരിഹാരം കാണാനുള്ള പരിപാടി നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) സാധാരണക്കാരുടെ വിവിധങ്ങളായ ജീവിതപ്രശ്നങ്ങൾ നേരിട്ടറിയാനും അവയ്ക്ക് പരിഹാരം കാണുന്നതും ലക്ഷ്യമിട്ട് സംസ്ഥാനത്തെ 14 ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ട്. |
| ബി) എത്ര ഘട്ടങ്ങളിലായാണ് ഈ പരിപാടി നടത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) എല്ലാ ജില്ലകളിലും 2011, 2013, 2015 എന്നീ വർഷങ്ങളിലായി 3 തവണ വീതം ഈ പരിപാടി നടത്തിയിട്ടുണ്ട്. ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അനേകം പരാതികളിൽ പലതും ഉടൻ പരിഹാരം കാണാൻ കഴിയുന്നതായിരുന്നില്ല. അതിന് ഭരണപരമായ ചില നടപടിക്രമങ്ങളിൽ മാറ്റം വരുത്തേണ്ടതായോ അയവു വരുത്തേണ്ടതായോ ഉണ്ടായിരുന്നു. ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച അനുഭവത്തിന്റെ വെളിച്ചത്തിൽ ജനങ്ങൾ നേരിടുന്ന ചില ബുദ്ധിമുട്ടുകൾ സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിൽ ചർച്ച ചെയ്യുകയും പലതും മാറ്റങ്ങൾക്കു വിധേയമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ ഉത്തരവുകൾ പുറപ്പെടുവിക്കുകയും കഴിയുന്നത്ര പരാതികൾക്ക് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. |
| സി) ഈ പരിപാടിക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | സി) ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ